കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നോർത്ത് പറവൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം (എം.1)173/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 19/03/2026
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
നോർത്ത് പറവൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : നോർത്ത് പറവൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നോർത്ത് പറവൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം.

5.ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ.ഇ.കെ.എം (എം.1)173/2026

തീയ്യതി: 19/03/2026

എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സിനി എം വി	ജോയിന്റ് ഡയറക്ടർ	06-02-2026	24-02-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)

06-02-2026	24-02-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ടെസി.എം ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)

ശ്രീ.സന്തോഷ് കുമാർ കെ വി, ഓഡിറ്റ് ഓഫീസർ

ശ്രീ മധു.വി.വി ഓഡിറ്റ് ഓഫീസർ

ശ്രീ.സജീവ് എൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ഷൈനി.പി.എം അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ഹരീഷ് പി.ആർ ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീന ശശീധരൻ	ചെയർപേഴ്സൺ	01-04-2024	31-03-2025
ശ്രീ ജോ ഡേവീസ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മിനിമോൾ.പി.വി	മുനിസിപ്പൽ എഞ്ചിനിയർ	01-04-2024	31-03-2025
ശ്രീ സിജോ.പി.എസ്	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2024	17-10-2024
ശ്രീ ഷൈജു.പി.എസ്	അസിസ്റ്റന്റ് എഞ്ചിനിയർ	18-10-2024	31-10-2024
ശ്രീമതി അതുല്യ.എ.ആർ	അസിസ്റ്റന്റ് എഞ്ചിനിയർ	01-11-2024	31-03-2025
ശ്രീമതി പ്രഭ.വി.എൽ	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ ആശ.കെ.ജോൺ	സൂപ്രണ്ട്,,ഗവ താലൂക്ക് ആശുപത്രി	01-04-2024	31-03-2025
ഡോ മനീഷ	മെഡിക്കൽ ഓഫീസർ,ഗവ ഹോമിയോ ആശുപത്രി	01-04-2024	31-03-2025

ഡോ രജിനി രാമൻ .ടി	സീനിയർ വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ ഏദ്യ ഉണ്ണിത്താൻ ടി	ചീഫ് മെഡിക്കൽ ഓഫീസർ,ഗവ ആയുർവേദ ആശ്രുപത്രി	01-04-2024	27-07-2024
ഡോ മഞ്ജു ജോസഫ്	ചീഫ് മെഡിക്കൽ ഓഫീസർ,ഗവ ആയുർവേദ ആശ്രുപത്രി	28-07-2024	31-03-2025
ശ്രീ പ്രശാന്ത് ആർ.ഒ	ഹെൽത്ത് ഓഫീസർ	01-04-2024	04-09-2024
ശ്രീമതി സുനിമോൾ വൈ.ജെ	ഹെൽത്ത് ഓഫീസർ	05-09-2024	31-03-2025
ശ്രീമതി ബിന്ദു.ഡി	പ്രിൻസിപ്പൽ,ഗവ ഗേൾസ് ഹയർസെക്കന്ററി സ്കൂൾ	01-04-2024	31-03-2025
ശ്രീ അൻസിൽ ഖാൻ .എൽ.ആർ	ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ദിവ്യ,എസ്.	എസ്.സി. ഡവലപ്പ്മെന്റ് ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ഫസീറമോൾ.ടി.എ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	28-02-2025
ശ്രീമതി സ്മിത കെ.ബി	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-03-2025	31-03-2025
ശ്രീമതി രജനി.വി.പി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2024	31-03-2025

–

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക ധനകാര്യപത്രികയിൽ കൃത്യമല്ല.	1-1-2
4	കെ.സ്മാർട്ട് വാർഷിക ധനകാര്യപത്രിക -ഡി.സി.ബി തുകകൾ കൃത്യമല്ല	1-1-3
5	ഹെൽത്ത് ഗ്രാന്റ്-ബാങ്ക് സ്റ്റേറ്റ്മെന്റ്മായി പൊരുത്തപ്പെടുന്നില്ല	1-1-4
6	പണമാക്കാത്ത ചെക്കുകളുടെ വിശദവിവരം ലഭ്യമല്ല.	1-1-5
7	മുൻ വർഷ ലെഡ്ജർ ബാലൻസ് തൻവർഷ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല	1-1-6
8	മെയിന്റനൻസ് ഗ്രാന്റ് റോഡ്-ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് ധനകാര്യപത്രിക പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഫണ്ട് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമ പദ്ധതികൾ	1-7
15	ക്യാഷ് ബാലൻസ് പരിശോധന	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	തൊഴിൽ നികുതി - പിരിവ് അപാകതകൾ	1-10
18	ഷോപ്പുകളിൽ നിന്നുള്ള വാടക – വരവ് അപാകതകൾ	1-11
19	കുത്തക ലേലം -അപാകതകൾ	1-12
20	മുൻ വർഷ ലെഡ്ജർ ബാലൻസ് തൻവർഷ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല	1-13
21	ജേണൽ എൻട്രി വരുത്തിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല	1-14-1
22	വസ്തുനികുതി 01-04-2023 തീയതി പ്രാബല്യത്തിൽ നിർണ്ണയിച്ചില്ല.	1-14
23	IFTE&OS ലൈസൻസ് -അപാകതകൾ	1-15
24	റവന്യൂ കുടിശ്ശിക 5.64 കോടി രൂപ പിരിച്ചെടുത്തില്ല	1-16

25	ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി.	1-17
26	മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല-1,10,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു	1-18
27	ഹരിത കർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയതിലെ അപാകതകൾ	1-19
28	മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹെൽത്ത് വിഭാഗത്തിലേക്ക് വാഹനം വാങ്ങൽ -അപാകതകൾ	1-20
29	മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ സംഘാടനം-അപാകതകൾ	1-21
30	സാനിറ്ററി ടോയ്‌ലെറ്റ് നിർമ്മാണം - കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് - എന്നിവ സൂക്ഷിച്ചിട്ടില്ല	1-22
31	അംഗനവാടിക്ക് ഉയർന്ന താരിഫ് പ്രകാരമുള്ള വൈദ്യുതിചാർജ് ഈടാക്കുന്നു	1-23
32	പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-24
33	രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല. 952698/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	1-25
34	ഗവ താലൂക്ക് ആസ്ഥാന ആശുപത്രി പാലിയേറ്റിവ് കെയർ- നിയമാനുസൃത നികുതി ഈടാക്കുന്നില്ല.	1-26
35	അമ്പലക്കുളം നവീകരണം - അമൃത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം	1-27
36	അമൃത് 2.0 പദ്ധയിൽപ്പെടുത്തി വാട്ടർ അതോറിറ്റിയുടെ പഴയ പൈപ്പ് മാറ്റി സ്ഥാപിക്കൽ	1-28
37	ഗവ. ആയുർവേദ ആശുപത്രിയിലേക്ക് സ്റ്റീം ചേംബർ, ധാര പാത്തി, മൊസ്കിറ്റോ നെറ്റ്-അപാകത	1-29
38	താലൂക്ക് ആസ്ഥാന ആശുപത്രി നോർത്ത് പറവൂർ വൈദ്യുതി,കുടിവെള്ള ചാർജ്ജ്- കുടിശ്ശിക തുക സ്ഥിരമായി അടവാക്കുന്നു.	1-30
39	വെർമികംപോസ്റ്റ് പ്ലാന്റ് - പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്	1-31
40	മുൻകുറുകൾ ക്രമീകരിക്കപ്പെട്ടിട്ടില്ല - ₹ 420515/- തടസ്സപ്പെടുത്തുന്നു.	1-32
41	ഗവ താലൂക്ക് ആസ്ഥാന ആശുപത്രി സോളാർ പാനൽ സ്ഥാപിക്കൽ - പൂർത്തീകരിച്ചിട്ടില്ല.	1-33
42	ഗവ താലൂക്ക് ആസ്ഥാന ആശുപത്രി ഫർണിച്ചർ ഉപകരണങ്ങൾ അനുബന്ധ സൗകര്യങ്ങൾ -	1-34
43	സർവ്വീസ് പെൻഷൻ വിതരണവിവരങ്ങൾ	1-35
44	തെരുവ് വിളക്ക് മെയിന്റനൻസ് - കൃത്യമായ നേൽനോട്ടം ഉണ്ടായിട്ടില്ല	1-36
45	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-37

ഭാഗം 2		
1	ജീവനക്കാരുടെ തൊഴിൽ നികുതി - നിരക്കിനേക്കാൾ കുറവ് അടവാക്കിവരുടെ വിവരങ്ങൾ	2-1
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ/ വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-9
10	ചാർജ് സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1
പൊതു അവലോകനം

1–1–1 ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തി

വാർഷിക ധനകാര്യ പത്രികയിൽ, കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, 58(ഇ)പ്രകാരമുള്ള നോട്ട്സ് ടു അക്കൗണ്ട്സ്, ചട്ടം 58(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **നോർത്ത് പറവൂർ നഗരസഭയുടെ** 2025 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റ പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **02.12.2025** തീയതിയിൽ എയിംസിലൂടെ സമർപ്പ പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും , ഇവ വെളിപ്പെ സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓ വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപന ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്ര വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെ തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട ന്യ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവ വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടി എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങ അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങ അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ച കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **നോർത്ത് നഗരസഭയുടെ 2024-25** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2 അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.20 സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 19.03.2026

ജോയിന്റ് ഡ

1-1-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക ധനകാര്യപത്രികയിൽ കൃത്യമല്ല.

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് ₹8511523/-നൽകിയെങ്കിലും ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 കെ.സ്മാർട്ട് വാർഷിക ധനകാര്യപത്രിക -ഡി.സി.ബി തുകകൾ കൃത്യമല്ല

ഡി&ഒ ലൈസൻസ്, വസ്തുനികുതി എന്നിവ ഉൾപ്പെടെ ഡിമാൻഡ് ചെയ്യുന്ന വരവിനങ്ങള സ്മാർട്ട് മുഖേന ലഭ്യമാകുന്ന ഡി.സി.ബി റിപ്പോർട്ട് വാർഷിക ധനകാര്യ പത്രികയിലെ തുക പൊരുത്തപ്പെടുന്നില്ല.

1-1-4 ഹെൽത്ത് ഗ്രാന്റ്-ബാങ്ക് സ്റ്റേറ്റ്മെന്റ്മായി പൊരുത്തപ്പെടുന്നില്ല

ഹെൽത്ത് ഗ്രാന്റ് തുകയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് (പാസ്സ് ബുക്ക്) പ്രകാരമുള്ള പിൻവലിക്കൽ വാർഷിക ധനകാര്യ പത്രികയിലെ ചെലവും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

1-1-5 പണമാക്കാത്ത ചെക്കുകളുടെ വിശദവിവരം ലഭ്യമല്ല.

കെ.സ്മാർട്ട് പ്രകാരമുള്ള Reconcile Report ൽ പണമാക്കാത്ത ചെക്കുകളുടെയും ആകാത്ത ചെക്കുകളുടെയും നമ്പർ ,തീയതി, തുക തുടങ്ങിയ വിശദമായ വിവരങ്ങൾ ഇതിനാൽ റിക്കൺസിലിയേഷന്റെ കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.വിശദ വിവര ചേർക്കുന്നു.

1)

ക്രമ നമ്പർ	അക്കൌണ്ട്	ബാങ്ക്ബുക്ക് ബാലൻസ്	പാസ്സ് ബുക്ക് ബാലൻസ്	വ്യത്യാസം റീക്കൺസിലിയേഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയത്.
1	UBI PMAY LB SHARE 337802010027784 A/C	6587726	6727726	Cheques Issued But Not Presented Into Bank = 140000
2	FB - 11250100388873	1964500	1540467	Add-Cheques Deposited But Not Collected = 819315.5 Less-Directly Credited By Bank (Old)-4324283
3	Indian Bank 6165873791 A/C	479667	639169	Cheques Issued But Not Presented Into Bank = 159502
4	INDIAN BANK HEALTH GRANT 1 7206877331 A/C	6158695	6407909	Cheques Issued But Not Presented Into Bank = 249214
5	Union Bank Own Fund	15737517.3	13318007.13	Cheques Issued But Not Presented Into Bank ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെക്ക് നമ്പർ ഉൾപ്പെടുത്തിയിട്ടില്ല.

2)**റീക്കൺസിലേഷൻ നടത്തിയത് കൃത്യമല്ല**

1)ബാങ്ക് ഓഫ് ഇൻഡ്യ (85641011000193) - നീക്കിയിരിപ്പ് 152722/-രൂപയാണ് ധനകാര്യപത്ര ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം അക്കൌണ്ടിന്റെ 31-03-20 നീക്കിയിരിപ്പ് -9333/-രൂപയാണ്.
2)UBoI - 337802010031768 A/C- 50073/-രൂപയാണ് നീക്കിയിരിപ്പായി ധനകാര്യപത്ര ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 50123/-രൂപയാണ് നീക ഉള്ളത്.
3) Union Bank Own Fund ധനകാര്യപത്രിക പ്രകാരം 15737517.3/-രൂപയാണ് എന്നാൽ ബാങ ബുക്ക് പ്രകാരം 13318007.13 /- രൂപയാണ് നീക്കിയിരിപ്പ്. കെ.സ്മാർട്ടിൽ റിക്കൺസ് പരിശോധിച്ചതിൽ 13016408.13/-രൂപയാണ് നീക്കിയിരിപ്പ് വന്നിരിക്കുന്നത്. എന്നാൽ ബാങ ബുക്കിൽ 13318007.13 /- രൂപയാണ് ഉള്ളത്.

1-1-6 മുൻ വർഷ ലെഡ്ജർ ബാലൻസ് തൻവർഷ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്ത

2023-24 സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റിലെ ബി-15 ൽ Other Receivables (എന്ന ലെഡ്ജറിൽ 7,963,473.00 രൂപയും, Other Receivables (Arrears) എന്ന ലെ 90,294,531.00 രൂപയും നീക്കിയിരിപ്പുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിലെ ബ ഷീറ്റിലെ ബി-15 ൽ പ്രസ്തുത ലെഡ്ജറുകൾ ഉൾപ്പെട്ടിട്ടില്ല.

1-1-7 മെയിന്റനൻസ് ഗ്രാന്റ് റോഡ്-ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് ധനകാര്യപത്രിക പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഗ്രാന്റ് റോഡ് എ.സി.ആർ പ്രകാരം ചെലവ് 9857346 /-രൂപയാണ് ധനകാര്യപത്രിക പ്രകാരം ചെലവ് 9746778/- രൂപയാണ്.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 08.02.2024 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1-ാ തീരുമാന പ്രകാരം അംഗീകരിച്ചു. നഗരസഭയുടെ പുതുക്കിയ ബജറ്റ് 26.03.2025 തീയതിയി സാധാരണ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമു -ചെലവ് വിവരം ചുവടെ ചേർക്കുന്നു.

	2024-25 ബജറ്റ്
പ്രാരംഭ ബാക്കി	79,23,581
വരവ്	57,20,74,938
ആകെ	57,99,98,519
ചെലവ്	56,95,86,834
നീക്കിയിരിപ്പ്	1,04,11,685

1-3 സാമ്പത്തിക വിശകലനം

01.04.2024 ലെ മുന്നിരിപ്പ്	₹6,29,52,197
തൻ വർഷത്തെ വരവ്	₹15,07,96,876.3
ആകെ	₹21,37,49,073.30
തൻ വർഷത്തെ ചെലവ്	₹15,56,96,159
31.03.2025 ലെ നീക്കിയിരിപ്പ്	₹5,80,52,914.30

ഈ പത്രികയിലെ വരവ്-ചെലവുകൾ നഗരസഭയുടെ റസീപ്റ്റ് & പേയ്മെന്റ് അ ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്(₹)	അലോട്ട്മെന്റ് പ്രകാരം വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരുപ്പ്(₹)	ചെലവഴി ലാപ്സാ തുക(₹)
വികസന ഫണ്ട് (ജനറൽ)	0	20812891	20812891	18598612	0	2214279
വികസന ഫണ്ട് (എസ്.സി.പി)	0	5431550	5431550	4689494	0	742056
വികസനഫണ്ട് (ട്രി.എസ്.പി)	0	213859	213859	155864	0	57995
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	13280000	13280000	9746778	0	3533222
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	45031000	45031000	36704742	0	8326258
ധനകാര്യ കമ്മീഷൻ അവാർഡ് (Untied)	1951779	5085598	7037377	7037377	0	
ധനകാര്യ കമ്മീഷൻ അവാർഡ് (Tied)	9596681	6174447	15771128	8758785	7012343	
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(KSWMP) 3202004	0	496999	496999	496999	0	
സ്റ്റേറ്റ് ഷെയർ (KSWMP)ഗ്രാന്റ് 3202005		212999	212999	212999	0	
ഡവലപ്പ്മെന്റ് ഫണ്ട് (സ്പെഷൽ ഗ്രാന്റ്)3202006	34392	0	34392	0	34392	
എൻയുഎൽഎം 3201040		320412	320412	320412	0	
ഫ്ലഡ് റിലീഫ് ഫണ്ട് 3202024		200000	200000	0	200000	
ICICI SWACH BHARAT MISSION(Urban) 3201030		92048	92048	0	92048	
പി.എം.എ.വൈ 3201011	8070144	3821361	11891505	3810761	8080744	
ഹെൽത്ത് ഗ്രാന്റ് N BANK (HEALTH GRANT)-3201001	7561812	2407644	9969456	3810761	6158695	
ഹെൽത്ത് ഗ്രാന്റ്(HEALTH GRANT 2) - 3201002	226387	4646	231033	193840	37193	
എം.പി.എൽ.എ.ഡി ഫണ്ട് 3201023	2422606	0	2422606		2422606	
അമൃത് 3201037		18914953	18914953	0	18914953	

കുറിപ്പ് :-
1)വികസനഫണ്ട് - (ജനറൽ) നിന്നും ലോൺ തിരിച്ചടവിനായി ₹3453334/-, അങ്ക ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ₹1357800/- എന്നിങ്ങനെ ഉറവിടത്തിൽ കുറവ് ചെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 2673723/-രൂപ മാറ്റിയിട്ടുണ്ട്.
2) വികസനഫണ്ട് - (എസ്.സി.പി) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 4567‌ മാറ്റിയിട്ടുണ്ട്.
3) മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 417979/-രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റി
4) മെയിന്റനൻസ് (നോൺറോഡ്) 4660634/-രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷ മാറ്റിയിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്ക

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	പദ്ധതി ചെലവ് (₹)	പൂർണ്ണമായി നടപ്പിലാ-ക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാ-ക്കിയത് (എണ്ണം)	നടപ്പാക്കാ -ത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളു ശതമാനം
311	166827346	9,27,65,925	132	86	93	42%

1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണ ചെലവുകൾ	214	573518	573732	573513	219
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	12726487	12726487	12726487	
ആകെ	214	13300005	713300219	13300000	219

ബാങ്ക് അക്കൗണ്ട് ഹെഡിൽ (നമ്പർ-67145257499) പലിശ ഇനത്തിൽ 5/-രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	544000	41
വിധവാ പെൻഷൻ	16383500	1129
വാർദ്ധക്യകാല പെൻഷൻ	39532400	2725
വികലാംഗ പെൻഷൻ	3528200	231
50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	1525800	121

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബ പരിശോധന 07.02.2026 തീയതിയിൽ ഉച്ചയ്ക്ക് 3 മണി സമയത്ത് സ്ഥാപന മേധ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹60,554.00 ന്റെ കൃത്യത പരിശോ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ചത് പണമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത വരവ്
നഷ്ടപ്പെടാൻ ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ / നീ
ഉണ്ടാകേണ്ടതാണ്.
നഗരസഭയ്ക്ക് ലഭിക്കാൻ ബാക്കിയുള്ള കുടിശ്ശിക വരവ് തുകകൾ പുതിക്കിയ കെ
പോർട്ടലുമായി ഒത്തു ചേരാത്തത് നഗരസഭയുടെ വരവിൽ വ്യത്യാസം വരുന്നതിന് കാരണ
നഗരസഭയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക വരവുകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേ
തനത് വരുമാനം വളരെ കുറഞ്ഞ സ്ഥാപനമായതിനാൽ ലഭ്യമായ വരുമ
കുടിശ്ശികയില്ലാതെ ഈടാക്കുന്നതിനും ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ, മിനി ഇൻഡ
എസ്റ്റേറ്റ് കെട്ടിടങ്ങൾ മുതലായവ വാടകയ്ക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേ
റവന്യ കുടിശ്ശിക 5.64 കോടി രൂപ പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
വാടകക്കാരുമായി വ്യക്തമായ കരാർ ഇല്ലാത്ത സാഹചര്യം തർക്കത്തിനും നിയമനടപടി
ഇടയാക്കുമെന്നതിനാൽ കരാർ കൃത്യമായി വയ്ക്കേണ്ടതാണ്.
വസ്തു നികുതി പുതുക്കിയ നിരക്കിൽ ഈടാക്കാത്തത് നഗരസഭയുടെ വരുമാന ന
ഇടയാക്കുമെന്നതിനാൽ പുതിക്കിയ നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്.

1-10 തൊഴിൽ നികുതി - പിരിവ് അപാകതകൾ

2024-25 സാമ്പത്തിക വർഷത്തിലെ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള ജീവനക്കാരുടെ
നികുതി റിട്ടേണുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ക
അപാകതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭയിൽ തൊഴിൽ നികുതി അടവാക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ ഗൂഗി
ഷീറ്റിലാണ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും നഗരസഭ പ
പ്രവർത്തിക്കുന്ന ആകെ എത്ര സ്ഥാപനങ്ങൾ നിലവിലുണ്ട്, എത്ര സ്ഥാപന
ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുണ്ട്, കുടിശ്ശിക വരുത്തുന്ന സ്ഥാ
എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ (ഗൂഗിൾ സ്പ്രഡ് ഷീറ്റ്/ രജിസ്റ്റർ പുസ്തകം) സൂക്ഷിച്ചിട്ടില്ല.

2. 2024-25 സാമ്പത്തിക വർഷത്തിൽ കെ-സ്മാർട്ടിലെ ലൈസൻസ് രജിസ്റ്റർ
ലൈസൻസ് പുതുതായി എടുക്കുന്നതും, ലൈസൻസ് പുതുക്കുന്നതുമായ സ്ഥാപനങ്ങൾ 316
എന്നാൽ തൊഴിൽ നികുതി അടവാക്കുന്ന ജീവനക്കാരുടെ വിവരങ്ങളടങ്ങിയ ഗൂഗിൾ സ്പ
പ്രകാരം 865 സ്ഥാപനങ്ങളാണ് തൻവർഷം ജീവനക്കാരുടെ തൊഴിൽ
അടവാക്കിയിട്ടുള്ളത്.

3. 2024-25 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള തൊഴിൽ
റിട്ടേണുകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ അടവാക്കേണ്ടിയിരുന്ന നികുതി
കുറവ് അടവാക്കിയിട്ടുണ്ട്. (വിശദാംശം ഭാഗം 2-1 ൽ ചേർത്തിട്ടുണ്ട്)

4. 2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതിയിനത്തിൽ ആകെ 14,77,688.
കുടിശ്ശിക വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കുടിശ്ശിക വിവരങ്ങൾ	തുക
1	തൻ വർഷത്തെ കുടിശ്ശിക	6,50,144.00
2	മുൻ വർഷങ്ങളിലെ കുടിശ്ശിക	8,27,544.00
	ആകെ	14,77,688.00

പ്രസ്തുത അപാകതകൾ സൂചിപ്പിച്ച് 10.02.2026 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി
ന് നഗരസഭ അധികൃതർ മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ആകെയുള്ള സ്ഥാപനങ്ങളുടെ വിവരം (ലൈ
പുതുതായി എടുക്കുന്നതും, ലൈസൻസ് പുതുക്കുന്നതുമായ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെ
സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുണ്ട് എന്ന

കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളുടെ വിവരം എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ ല ലഭ്യമല്ലാത്തതിനാൽ നികുതി ചോർച്ച സംഭവിക്കാൻ സാധ്യത നിലനിൽക്കുന്നു. ആയ നഗരസഭയിൽ പ്രസ്തുത ആവശ്യത്തിനായി തൊഴിൽ നികുതി രജിസ്റ്റർ (ഗ്ലൂഗിൾ സ്പ്ര രജിസ്റ്റർ പുസ്തകം) സൂക്ഷിക്കേണ്ടതാണ്.

2. സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള തൊഴിൽ നികുതി റിട്ടേണുകൾ ബന്ധപ്പെട്ട ഉദ്യോ പരിശോധിക്കേണ്ടതും തൊഴിൽ നികുതി നിരക്കിന് അനുസൃതമായി തന്നെ സ്ഥാപനങ്ങ അടവാക്കുന്നുണ്ടോയെന്ന് ഉറപ്പാക്കേണ്ടതുമാണ്.

3. തൊഴിൽ നികുതിയിനത്തിൽ വന്നിട്ടുള്ള ആകെ കുടിശ്ശിക 14,77,688.00 രൂപ പിരിച്ചെടുക്കാൻ നഗരസഭ അധികൃതർ അടിയന്തിരമായ നടപടികൾ കൈക്കൊള്ളേണ്ടത

1-11 ഷോപ്പുകളിൽ നിന്നുള്ള വാടക - വരവ് അപാകതകൾ

2024-25 സാമ്പത്തിക വർഷത്തിലെ ഷോപ്പുകളിൽ നിന്നുള്ള വാടകയുടെ രജിസ്റ്റ അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചേർക്കുന്നു.

1. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പുകളിൽ നിന്നുള്ള വാടകയുടെ രജിസ്റ്റർ, ക എന്നിവ പരിശോധിച്ചതിൽ, രജിസ്റ്റർ പ്രകാരം ആകെ ഷോപ്പുകളുടെ എണ്ണം 283 ഉം, കിടക്കുന്ന കടമുറികളുടെ എണ്ണം 56 ഉം ആണ്.

2. നിലവിൽ എത്ര കടമുറികൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമായിട്ടുണ്ട്, എന്ന് രജ കൃത്യമായ രേഖപ്പെടുത്തലുകളില്ല. അറ്റകുറ്റപ്പണികൾ ആവശ്യമായതിനാൽ പല കടമുറികള നടത്താതെ അവശേഷിക്കുന്നുണ്ട്.

3. കരാറുകളുടെ ഫയൽ പരിശോധിച്ചതിൽ വാടകയ്ക്ക് നൽകിയിട്ടുള്ള എല്ലാ വാടകക്കാ കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.

4. രജിസ്റ്റർ പ്രകാരം 31 വാടകക്കാർ തൻ വർഷം വാടക അടവാക്കുന്നു.

5. ഷോപ്പുകളിൽ നിന്നുള്ള വാടകയിനത്തിൽ വന്നിട്ടുള്ള ആകെ കുടിശ്ശിക 29,74,941 രൂ കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (ബാലൻസ് ഷീറ്റ് പ്രകാരം)

ക്രമ നം.	കുടിശ്ശിക വിവരങ്ങൾ	തുക
1	തൻ വർഷത്തെ കുടിശ്ശിക	12,45,882
2	മുൻ വർഷങ്ങളിലെ കുടിശ്ശിക	17,29,059
	ആകെ	29,74,941

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 4 ഷോപ്പിംഗ് കോംപ്ലക്സുകളിൽ സ്ഥല പരി നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ കണ്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എ) വെടിമറ ഷോപ്പിംഗ് കോംപ്ലക്സ് - കോംപ്ലക്സിലെ താഴത്തെ നിലയിലും, മുകളിലത്തെ ന വിവിധ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. 2024-25 സാമ്പത്തിക വ രജിസ്റ്ററിൽ 4 കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ബി) പള്ളിത്താഴം ഷോപ്പിംഗ് കോംപ്ലക്സ് - വിവിധ ഫിഷ് സ്റ്റാളുകൾക്കായി ഒരുക്കിയിട്ട പ്രസ്തുത കോംപ്ലക്സിലെ മിക്ക സ്റ്റാളുകളും അറ്റകുറ്റപ്പണികൾ നടത്താനുള്ളതായി കാണുന്നു.

സി) കെ.ആർ.വിജയൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സ് - പ്രസ്തുത കോംപ്ലക്സി കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. 2024-25 സാമ്പത്തിക വർഷത്തെ രജിസ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഡി) ടാക്സി സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് - പ്രസ്തുത കോംപ്ലക്സിലെ താഴത്തെ നില മുറി തിരിക്കാതെ തുറന്ന നിലയിലാണ്. മുകളിലത്തെ നിലകൾ പില്ലറുകളിലാണ് സ്ഥിതി ചെ താഴത്തെ നില കോൺക്രീറ്റ് ചെയ്തിട്ടിരിക്കുന്നു. പ്രസ്തുത സ്ഥലത്ത് ടാക്സി സ്റ്റാന്റ് എ വച്ചിട്ടുണ്ട്. എന്നാൽ വാഹനങ്ങൾ ഒന്നും തന്നെ പാർക്ക് ചെയ്തിട്ടില്ല. മാത്രമല്ല പ്രസ്തുത ന വാഹനങ്ങൾ കയറാതെ കയർ കെട്ടി വച്ചിരിക്കുകയാണ്. ചുറ്റും ഇരു ചക്ര വാഹനങ്ങ പാർക്ക് ചെയ്തിട്ടുണ്ട്. ടാക്സി സ്റ്റാന്റ് നിലവിൽ ടി സ്ഥലത്ത് പ്രവർത്തിക്കുന്നതായി കാണുന്നി സ്റ്റാന്റ് പ്രവർത്തിക്കുന്ന ഇനത്തിൽ പ്രസ്തുത സ്ഥലത്ത് നിന്നും നഗരസഭയ്ക്ക് ഏ

ഇനത്തിലുള്ള വരുമാനം ലഭിക്കുന്നതായി കാണുന്നില്ല.
പ്രസ്തുത അപാകതകൾ സൂചിപ്പിച്ച് 16.02.2026, 20.02.2026 എന്നീ തീയതികളിൽ നൽകിയ എൻക്വയറി നമ്പർ 11, 17 എന്നിവ നൽകിയിരുന്നു. ഇതിൽ ഓഡിറ്റ് എൻക്വയറി നമ്പ മറുപടി ലഭ്യമാക്കിയതിൽ ടാക്സി സ്റ്റാന്റിൽ നിന്നും വരുമാനം ലഭിക്കുന്നതിനായുള്ള നട സ്വീകരിക്കുന്നതാണെന്നും, വെടിമറ ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ 2 മുറികൾ ആണ് ഒഴിവായി കിടക്കുന്നതെന്നും, ടി മുറികൾ എസ്.സി സംവരണം ആയതിനാൽ ടി ധനകാര്യ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണെന്നും, കച്ചവടം മോശമായതിനാലും, ഗ്രൗണ്ട് റൂമുകളായതിനാലും പള്ളിത്താഴം ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ആരും വാടകയ്ക്ക് എടുക്കുന്നില്ല എന്നും അറ്റകുറ്റപണികൾ നടത്തി വാടകയ്ക്ക് നൽകുന്നതിനുള്ള നട സ്വീകരിക്കുന്നതാണെന്നും, കെ.ആർ.വിജയൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിലെ കിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാ നഗരസഭ അധികൃതർ അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. അറ്റകുറ്റപ്പണികൾ ആവശ്യമായിട്ടുള്ള കടമുറികളുടെ അറ്റകുറ്റപണികൾ നടത്തി ചെയ്യുവാനുള്ള നടപടികൾ കൈക്കോള്ളേണ്ടതാണ്.
2. 17 ഷോപ്പിംഗ് കോംപ്ലക്സുകളിലായി ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ലേലം ചെയ്യു നടപടികൾ നഗരസഭ അധികൃതർ കൈക്കോള്ളേണ്ടതാണ്. ഒഴിഞ്ഞു കിടക്കുന്ന ടാക്സി നിന്നും വരുമാനം ലഭിക്കുന്നതിനായുള്ള നടപടികൾ കൈക്കോള്ളേണ്ടതാണ്.
3. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215 ൽ ഉപവകുപ്പ് (3) പ്രകാരം ഒരു അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവ ഫീസിന്റെ നിരക്കും അത് കൊടുക്കേണ്ട സമയവും ഉൾക്കൊള്ളിച്ചുകൊണ്ട് ഉചിതമായ ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടായിരിക്കേണ്ടതാണ്. 2000-ലെ മുനിസിപ്പാലിറ് ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7(2), 8(2) പ്രകാരം മുനിസിപ്പാല സ്വന്തമായതോ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതോ ആയ വസ്തുക്കളുടെ കൈമാറ്റം മാതൃകയിലുള്ള വാടക കരാറിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. എല്ലാ വാടകക്കാ കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവാനും നഗരസഭാ അ ശ്രദ്ധിക്കേണ്ടതാണ്.
4. വാടകയിനത്തിലുള്ള ആകെ കുടിശ്ശിക 29,74,941 രൂപയാണ്. പ്രസ്തുത കുടിശ്ശിക അടിയന്ത പിരിച്ചെടുക്കുവാനുള്ള നടപടികൾ കൈക്കോള്ളേണ്ടതാണ്.

<u>1-12 കുത്തക ലേലം -അപാകതകൾ</u>

കുത്തക ലേലവുമായി ബന്ധപ്പെട്ട രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്ന പരിശോധനയിൽ കണ്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. ലേലത്തിന്റെ ഫയലുകൾ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിൽ ലേലം ചെയ്യാനുള്ള മാർക്കറ്റുകൾ/അവകാശങ്ങളുടെ എണ്ണം 35 ആണ്. എന്നാൽ ലേലം ചെയ്തിട്ടുള്ള മാർ അവകാശങ്ങൾ 18 എണ്ണം മാത്രമാണ്.

2. ലേലം ഉറപ്പിച്ചു നൽകിയവരുമായി ചമച്ചിട്ടുള്ള നിയമാനുസൃതമായ കരാർ ഫയലുകളിൽ

3. വാർഷിക കണക്കിലും, രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുള്ള ആകെ കുടിശ്ശികയുടെ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>കുത്തക ലേലത്തിന്റെ രജിസ്റ്റർ പ്രകാരം കുടിശ്ശികത്തുകയുടെ വിവരങ്ങൾ</u>

ക്രമ നം.	മാർക്കറ്റുകൾ/അവകാശങ്ങളുടെ പേര്	ലേലം എടുത്തിട്ടുള്ള സ്ഥാപനം/വ്യക്തിയുടെ പേര്	കുടിശ്ശിക തുക
1	ബസ് സ്റ്റാന്റ് പരസ്യം	എ.ജെ. ബ്രാന്റിംഗ്സ്	1,16,666.00
2	പെരുവാരം റേഡിയോ കിയോസ്ക്	ജോസ്.എം.എസ്	57,501.00
3	പെരുമ്പടന്ന ഫിഷ് മാർക്കറ്റ്	ബോണി സേവ്യർ	43,333.00
4	പെരുമ്പടന്ന ഫിഷ് മാർക്കറ്റ്	എം.കെ.കലേശൻ	51,667.00

5	പെരുമ്പടന്ന ഫിഷ് കട്ടിംഗ് & ക്ലീനിംഗ്	ശ്രീദേവി	13,300.00
	ആകെ		2,82,467.00

<u>ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശിക കുടിശ്ശികത്തുകയുടെ വിവരങ്ങൾ</u>

ക്രമ നം.	കുടിശ്ശിക ഇനം	തുക
1	Rent Receivable From Lease On Land (Current)	57,501.00
2	Receivables From Markets (Current)	105,000.00
	ആകെ	1,62,501.00

പ്രസ്തുത അപാകതകൾ സൂചിപ്പിച്ച് 18.02.2026 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറ 14 ന് നഗരസഭ അധികൃതർ മറുപടി ലഭ്യമാക്കിയില്ല.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. ലേലം ചെയ്യുവാൻ ബാക്കി നിൽക്കുന്ന മാർക്കറ്റുകൾ/അവകാശങ്ങൾ എന്നിവ ലേല നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ലേലം ഉറപ്പിച്ച് നൽകിയവരുമായി നിയമാനുസൃതമായ കരാർ ചമയ്ക്കേണ്ടതാണ്. ഭ പ്രസ്തുത അപാകതകൾ ഒഴിവാക്കുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

3. ലേലയിനത്തിലുള്ള ആകെ കുടിശ്ശിക എത്രയെന്ന് കൃത്യമായി കണക്കാക്കി അടിയന്ത പിരിച്ചെടുക്കുവാനുള്ള നടപടികൾ കൈക്കോളേണ്ടതാണ്.

4. വാർഷിക കണക്കിലും, രജിസ്റ്ററിലും വന്നിട്ടുള്ള ആകെ കുടിശ്ശികയുടെ പൊരു കണക്കാക്കി രേഖപ്പെടുത്തലുകൾ കൃത്യമാക്കേണ്ടതാണ്.

<u>1-13 മുൻ വർഷ ലെഡ്ജർ ബാലൻസ് തൻവർഷ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തി</u>

2023-24 സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റിലെ ബി-15 പരിശോധിച്ചതിൽ Receivables (Current), Other Receivables (Arrears) എന്നീ താഴെ ചേർത്തിട്ടുള്ള രണ്ട് ലെഡ് ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റിലെ ബ പ്രസ്തുത ലെഡ്ജറുകൾ ഉൾപ്പെട്ടിട്ടില്ല. ലെഡ്ജറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ലെഡ്ജർ ഹെഡ്	ലെജ്ഡറുടെ പേര്	തുക
1	**431409901**	Other Receivables (Current)	7,963,473.00
2	431409902	Other Receivables (Arrears)	90,294,531.00

പ്രസ്തുത ലെഡ്ജർ തൻവർഷ ധനകാര്യപത്രികയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാര തുകകൾ ഏതിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുകയാണെന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കാനാവശ്യപ്പെട്ട് 18.02.2026 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പ നഗരസഭ അധികൃതർ മറുപടി ലഭ്യമാക്കിയില്ല.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. പ്രസ്തുത തുകകൾ ഏതിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുകയാണെന്നുള്ള വി ലഭ്യമാക്കേണ്ടതും, നിലവിൽ ടി തുകകൾ പിരിച്ചെടുത്തിട്ടില്ലെങ്കിൽ ആയവ ഈടാക്കാൻ നട അടിയന്തിരമായി സ്വീകരിക്കേണ്ടതും അടവ് വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ

2. ലെഡ്ജർ തൻവർഷ ധനകാര്യപത്രികയിൽ ക്രമീകരിക്കേണ്ടതായ നടപടികൾ ന അധികൃതർ സ്വീകരിക്കേണ്ടതാണ്.

1-14-1 ജേണൽ എൻട്രി വരുത്തിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

2024-25 സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റിലെ Receivables For Property Tax (എന്ന ലെഡ്ജർ (ഹെഡ് കോഡ്- 4311002) പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന (വിവിധ ഹെഡുകളിലായി ജേണൽ എൻട്രി വരുത്തിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു

ക്രമനം.	ജേണൽ തീയതി	ഹെഡ് വിവരങ്ങൾ	ആകെ തുക
1	13.02.2025	Suspense	23,415.00
2	31.03.2025	Receivables For Surcharge On Property Tax (Arrears)	9,524.00
3	31.03.2025	Revenue Recovery - Receivables	6,511.00
ആകെ			39,450.00

പ്രസ്തുത എൻട്രി വരുത്തുവാനുണ്ടായ കാരണം, ടി തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/19.02.26) ന് ലഭ്യമാക്കിയില്ല. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-14 വസ്തുനികുതി 01-04-2023 തീയതി പ്രാബല്യത്തിൽ നിർണ്ണയിച്ചില്ല.

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ (അച്ചടി) നമ്പർ 26/23/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ വസ്തു നിരക്ക് നോർത്ത് പറവൂർ നഗരസഭ കൌൺസിൽ 29-09-2023 തീയതിയിലെ 1-ാം ന അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. മേൽ സർക്കാർ വിജ്ഞാപന പ്രകാരവും, നഗരസഭയുടെ വിജ്ഞാപന പ്രകാരവും എന്നാൽ 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടത്. 01-04-2023 തീയതി മുതൽ 29-09-2023 വരെ നിരക്കിലാണ് നഗരസഭ വസ്തുനികുതി നിർണ്ണയിച്ചത്. ഈ കാലയളവിൽ പഴയ ന നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ നിലവിലും നിർണ്ണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ)	സഞ്ചയയിൽ സൈൻ ചെയ്തത്	പഴയ നിരക്കിൽ നിർണ്ണയിച്ചത്		പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത്	
				ഉപയോഗ ക്രമം	അടിസ്ഥാന വസ്തു നികുതി നിരക്ക്/ ച.മീ	ഉപയോഗ ക്രമം	അട വസ്തു നിര ച.മീ
1	3/129/A	199.14	10-09-2023	പാർപ്പിടാവശ്യം	14	പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ – സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ – 300 ച.മീറ്ററിന് മുകളിലുള്ളവ	14.7
2	19/14/5	220.17	16-08-23	പാർപ്പിടാവശ്യം	14	പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ – സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ – 300 ച.മീറ്ററിന് മുകളിലുള്ളവ	14.7
3	7/464/2	132.41	24-07-23	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ	50	അസംബ്ലി കെട്ടിടം (കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ)	53
4	22/385/1	215.33	08-08-23	പാർപ്പിടാവശ്യം	14	പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ – സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ – 300 ച.മീറ്ററിന് മുകളിലുള്ളവ	14.7
5	23/223/1	241.46	25-08-23	പാർപ്പിടാവശ്യം	14	പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ – സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ – 300	14.7

						ച.മീറ്ററിന് മുകളിലുള്ളവ	
6	24/227/1	204.64	17-08-23	പാർപ്പിടാവശ്യം	14	പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ - 300 ച.മീറ്ററിന് മുകളിലുള്ളവ	14.7

മേൽ അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/23-02-2026) ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിഭാഗം കെട്ടിടങ്ങൾക്ക് സർക്കാർ വിജ്ഞാപനം, നഗര അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം വസ്തുനികുതി പുനർനിർണ്ണയിച്ച് അസ വിവരങ്ങളിൽ രേഖപ്പെടുത്തി കുറവ് വന്ന തുക ഈടാക്കി വിവരം രേഖകൾ (അറിയിക്കേണ്ടതാണ്.

1-15 IFTE&OS ലൈസൻസ് -അപാകതകൾ

2024-25 സാമ്പത്തിക വർഷത്തെ കെ-സ്മാർട്ടിലെ IFTE & OS ലൈസൻസ് (പരിശോധിച്ചത് പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാ പ്രവർത്തിക്കുന്നതിന് ആവശ്യമായ ലൈസൻസ് ഫീസ് അടവാക്കിയിട്ടില്ല. കെ സ്മാർട്ടിൽ ലഭിച്ച ലൈസൻസ് രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ലൈ ഫീസ് കുടിശ്ശിക ആണ്.

നം	വാർഡ് നം	കെട്ടിട നം	സ്ഥാപനത്തിന്റെ പേര്	മൂലധന നിക്ഷേപം	ലൈസൻസ് കാലയളവ്		ലൈസൻ ഫീസ് ഡിമ
1	7	694	ജയറാം.എൻ, മങ്കുഴിവീട്ടിൽ, നോർത്ത് പറവൂർ, കോർട്ട് റോഡ്, എറണാകുളം, 683513(പിൻ).	2000000	29-03-2024	28-03-2027	3000
2	7	673	അയശ്രീ, വട്ടക്കാട്ടുപറമ്പിൽ, ഫോർട്ട് റോഡ്, നോർത്ത് പറവൂർ, എറണാകുളം, 683513(പിൻ).	50000	30-03-2024	29-03-2025	500
3	22	53	അനീഷ് പോൾ,ആനത്താഴത്ത് ഹൗസ്, കടവൽതുരുത്ത്, ഗോതുരുത്ത്, മൂത്തകുന്നം, എറണാകുളം, 683516(പിൻ)	1800000	01-04-2024	31-03-2025	1000
4	5	841	അനീഷ് പോൾ, ആനത്താഴത്ത് ഹൗസ്, കടവൽതുരുത്ത് , ഗോതുരുത്ത്, മൂത്തകുന്നം, എറണാകുളം,683516(പിൻ	50000	01-04-2024	31-03-2025	500
5	29	357	ബൈജുമോൻ ബാലൻ, വടക്കേടത്ത് ഹൗസ്, പെരുംപടന്ന, മളരിക്കൽ റോഡ്, നോർത്ത് പറവൂർ, എറണാകുളം,683513(പിൻ).	400000	01-04-2024	31-03-2025	500

6	22	217	വിവേക് കുമാർ സി.വി, ചെട്ടിത്തറ ഹൗസ്, 182, നിയർ പൂയപ്പിള്ളി ലൈബ്രറി, നോർത്ത് പറവൂർ, എറണാകുളം,683513(പിൻ).	600000	01-04-2024	31-03-2025	500
7	2	35/2	സിന്ധുമോൾ, പുല്ലാർകാട്ട് ഹൗസ്, 39, മൂത്തകുന്നം, എറണാകുളം,683516(പിൻ).	75000	01-04-2024	31-03-2026	1000
8	5	384	ബി രവീന്ദ്രൻ, അമ്മീപറമ്പ് ഹൗസ്, 412, നന്ത്യാട്ടുകുന്നം, നോർത്ത് പറവൂർ, എറണാകുളം,683513(പിൻ).	500000	01-04-2024	31-03-2025	500
09	28	298	ചന്ദ്രൻ എ.ആർ, ആലുങ്കൽ ഹൗസ്, പെരുംപടന്ന, നോർത്ത് പറവൂർ.	300000	01-04-2024	31-03-2026	500
10	7	2	ബേബി മുരുകേശൻ, തൈക്കൂട്ടത്തിൽ, കുഞ്ഞവരത്തുരുത്ത്, വടക്കുംപുറം.	700000	01-10-2024	30-09-2025	500
11	7	232	ശരത് കെ.എസ്, കിഴക്കൂട്ടയിൽ, കോതപറമ്പ്, തൃശ്ശൂർ.	200000	30-03-2025	29-03-2026	500
12	20	401	റെജി മോൾ പി.ആർ, മഠത്തിപ്പറമ്പ്, പൂശാരിപ്പടി, നോർത്ത് പറവൂർ.	200000	31-03-2025	30-03-2026	500
13	13	178	പ്രമേജ് വിൽസൺ, ചെറുകാട്ടിൽ ഹൗസ്, വെസ്റ്റ് ചാലക്കുടി, തൃശ്ശൂർ.	500000	31-03-2025	30-03-2026	500
14	8	370	വി.എസ് സുമേഷ്, വെട്ടിയാട്ടിൽ, കൊടുങ്ങല്ലൂർ, തൃശ്ശൂർ.	4000000	31-03-2025	30-03-2026	5000
15	7	215	സതീഷ് പി.എസ്, പുലിക്കൽ ഹൗസ്, തിരുത്തിപ്പുറം, മൂത്തകുന്നം.	100000	31-03-2025	30-03-2026	500
16	7	72	ഗിരീഷ് കെ.എസ്, കളവംപാറ ശ്രീഗിരി, ടി.ബി റോഡ്, നോർത്ത് പറവൂർ.	2200000	31-03-2025	30-03-2026	1000

പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈ ഫീസ് ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (09/16.02.2026) ലൈസൻസ് ഫീസ് അടവാക്കാൻ അപേക്ഷകരോട് മുഖേന അറിയിച്ചിട്ടുണ്ടെന്നും തുക അടവാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാ മറുപടി ലഭിച്ചു. തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>1-16 റവന്യൂ കുടിശ്ശിക 5.64 കോടി രൂപ പിരിച്ചെടുത്തില്ല</u>

മുനിസിപ്പാലിറ്റി ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിലെ ആസ്തി ബാ കണക്കുകൾ (ഷെഡ്യൂൾ B.14) പ്രകാരം നികുതി- നികുതിയേതര ഇനത്തിൽ 5.64 കോടി രൂ വരവിനങ്ങളിലെ തുക പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. വിശദവിവരം ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക (₹)
4311001	വസ്തുനികുതി (തൻവർഷം)	3,20,83,556
4311002	വസ്തുനികുതി (മുൻവർഷം)	76,99,723
4312003	സർവീസ് സെസ്സ് (തൻവർഷം)	16,17,680
4312004	സർവീസ് സെസ്സ് (മുൻവർഷം)	76,602
4311901	തൊഴിൽ നികുതി- സ്ഥാപനങ്ങൾ /ട്രേഡേഴ്സ് (തൻവർഷം)	29,62,730
4311902	തൊഴിൽ നികുതി- സ്ഥാപനങ്ങൾ /ട്രേഡേഴ്സ് (മുൻവർഷം)	6,50,144
4313003	ലൈസൻസ് ഫീസ് (തൻവർഷം)	13,80,000
4313004	ലൈസൻസ് ഫീസ് (മുൻവർഷം)	31,010
4314001	കെട്ടിട വാടക (തൻവർഷം)	89,21,617
4314002	കെട്ടിട വാടക (മുൻവർഷം)	10,38,478
ആകെ		5,64,61,540

മേൽ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് മുനിസിപ്പാലിറ്റി സ്വീക നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക (നം.16 തീയതി. 18.02.2026) മറുപടി നൽകിയില്ല. തുക മുഴുവൻ പിരിച്ചെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ ന

2024-25 സാമ്പത്തിക വർഷത്തെ K-Smart- ലെ മരണ റിപ്പോർട്ടുകൾ, സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ, മരണ സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുമ്പോൾ സമർ ആധാറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ പെൻഷൻ വിതരണം ചെയ്യുന്നതി അപാകതകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(എം.എസ്)നം.97/2020/ധന. തിയതി 23-09-2020 ഉത്തരവ് പ്രകാരം അനർ സാമൂഹ്യസുരക്ഷാപെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തു തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സ സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 അക്കൗണ്ടിലേക്ക് (IFSC Code KSBK0000101) തിരിച്ചടയ്ക്കേണ്ടതാണ്.

